**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4960** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഹയർസെക്കൻഡറി പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹയർസെക്കൻഡറി പ്രവേശനത്തിൽ പത്താം ക്ലാസ് പാസ്സായ ഭൂരിഭാഗം കുട്ടികൾക്കും പ്രവേശനം ലഭിക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | പരാതികൾ ലഭിച്ചിട്ടില്ല. പ്രവേശന നടപടികൾ പൂർത്തിയാകുമ്പോൾ അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നുണ്ട്. പ്രവേശന നടപടികൾ പൂർത്തിയാകുമ്പോൾ എല്ലാ ജില്ലയിലും സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സ്ഥിതി വിശേഷമാണുള്ളത്. |
| (ബി) | വരുന്ന അധ്യയന വർഷത്തിൽ പ്ലസ് വണ്ണിന് അപേക്ഷിക്കുന്ന അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സീറ്റ് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | മുൻവർഷ സ്ഥിതി വിവരം അനുസരിച്ച് 2025-26 അധ്യയന വർഷത്തിൽ പ്ലസ് വണ്ണിനു അപേക്ഷിക്കുന്ന അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സീറ്റുകൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | അർഹരായ എല്ലാവർക്കും ഹയർസെക്കൻഡറി പ്രവേശനം ഉറപ്പാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) | മുൻ വർഷങ്ങളിൽ സ്വീകരിച്ചിട്ടുള്ളതു പോലെ താലൂക്കടിസ്ഥാനത്തിൽ എസ്. എസ്.എൽ.സി. പരീക്ഷ എഴുതിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണവും കഴിഞ്ഞ 5വർഷങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണവും വിശകലനം ചെയ്ത് താലൂക്കടിസ്ഥാനത്തിൽ ആവശ്യമായ സീറ്റുകൾ ഉറപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ